ലോട്ടറി നറുക്കെടുപ്പ് ഗ്രാമപ്രദേശങ്ങളിൽ

116 (1701) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലോട്ടറിയുടെ നറുക്കെടുപ്പ് കേന്ദ്രങ്ങളായി വിവിധ ഗ്രാമങ്ങളെയും ചെറുപട്ടണങ്ങളെയും ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ നറുക്കെടുപ്പുകൾ നഗര പ്രദേശത്തോടൊപ്പം വിവിധ ഗ്രാമപ്രദേശങ്ങളിലും ചെറുപട്ടണങ്ങളിലും വച്ച് നടത്തിവരുന്നു.

(ബി) 2010 നവംബറിൽ മലപ്പുറം ജില്ലയിലെ പുലാമന്തോൾ, ആലപ്പുഴ ജില്ലയിലെ ചേർത്തല, പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി, തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് എന്നിവിടങ്ങളിലും 2010 ഡിസംബറിൽ കൊല്ലം ജില്ലയിലെ പുനലൂർ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി,. ഇടുക്കി ജില്ലയിലെ കട്ടപ്പന, തിരുവനന്തപുരം ജില്ലയിലെ കാട്ടായിക്കോണം എന്നിവിടങ്ങളിലും സംസ്ഥാന ഭാഗ്യക്കുറിയുടെ നറുക്കെടുപ്പുകൾ സംഘടിപ്പിക്കുകയുണ്ടായി.

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

117 (1703) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ബാബു. എം. പാലിശ്ശേരി :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പുതുതായി എത്ര ബ്രാഞ്ചുകൾ ആരംഭിച്ചു ; ഈ സർക്കാർ വരുമ്പോൾ എന്തു തുകയുടെ വിനിമയമാണ് നടന്നിരുന്നത് ; ഇപ്പോൾ മൊത്തം വിനിമയം എന്തു തുകയാണ് ; വിദേശ മലയാളികളെ ലക്ഷ്യമിട്ട് പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് എന്നിവ വിശദമാക്കുമോ ;

(സി) കെ. എസ്. എഫ്. ഇ. യിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുണ്ടോ ; ലോണുകളും ചിട്ടി തുകയും അടയ്ക്കുന്നതിന് ഇ-പെയ്മെന്റ് സമ്പ്രദായം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly